# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3549      14.03.2017 ൽ മറുപടിയ്ക്ക്

## <u>പയ്യന്നൂരിലെ ഹക്കിം വധം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പയ്യന്നൂരിലെ ഹക്കിം വധം അന്വേഷിക്കുന്ന സി.ബി.ഐ.സംഘത്തിന് താമസ സൗകര്യം ഒരുക്കിയിട്ടുള്ളത് എവിടെയാണെന്ന് വ്യക്തമാക്കാമോ; | (എ) പയ്യന്നൂർ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിലാണ് സി.ബി.ഐ. അന്വേഷണ സംഘത്തിന് താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്. |
| (ബി) ആയതിന്റെ വാടക അനുവദിക്കുന്നത് ഏത് വകുപ്പിൽ നിന്നാണെന്ന് വ്യക്തമാക്കാമോ;<br><br>(സി) വാടക അനുവദിക്കുന്നതിൽ എന്തെങ്കിലും കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) 14/08/2014 തീയതിയിലെ 85781/എം3/2013/ആഭ്യന്തരം നമ്പർ സർക്കുലർ പ്രകാരം സി.ബി.ഐ. അന്വേഷണ സംഘത്തിന് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിലും ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലും മറ്റും അന്വേഷണാർത്ഥം സൗജന്യമായി താമസ സൗകര്യം ലഭ്യമാക്കിയിരുന്നു. എന്നാൽ 28/07/2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാ.ധാ) നം.1110/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ സി.ബി.ഐ.യ്ക്ക് കേസന്വേഷണത്തിനായി വാടകരഹിതമായി മുറികൾ നൽകിയിരുന്ന രീതി നിർത്തലാക്കുകയുണ്ടായി. ഇതിനെത്തുടർന്ന് സി.ബി.ഐ.യ്ക്ക് കേസന്വേഷണത്തിനായി ക്യാംപ് ഓഫീസ് സൗകര്യവും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള പുതിയ സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) വാടക അനുവദിക്കുന്നതിലെ കാലതാമസം കാരണം സി.ബി.ഐ.സംഘത്തിന് താമസ സൗകര്യത്തിന് എന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടിരുന്നുവോ; വ്യക്തമാക്കാമോ? | (ഡി) പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ വാടകരഹിതമായി ഏർപ്പെടുത്തിയിരുന്ന ക്യാംപ് ഓഫീസ് സൗകര്യം നിർത്തലാക്കിയതിനെത്തുടർന്ന് സി.ബി.ഐ. അന്വേഷണ സംഘം പയ്യന്നൂർ റസ്റ്റ് ഹൗസിലെ മുറികൾ ഒഴിഞ്ഞു |

കൊടുത്തിരുന്നു. സുഗമമായ കേസന്വേഷണത്തിനായി പയ്യന്നൂർ റസ്റ്റ് ഹൗസിൽ തന്നെ താമസ സൗകര്യം ലഭ്യമാക്കണമെന്ന് സി.ബി.ഐ. അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടുണ്ട്. ആഭ്യന്തരവകുപ്പ് തന്നെ ഈ വാടക നൽകണമെന്ന ഒരു നിർദ്ദേശം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.